ഭരണ നവീകരണ പദ്ധതി

*8 [251] *ശ്രീ. മത്തായി ചാക്കോ:*
„ *കോടിയേരി ബാലകൃഷ്ണൻ:*
„ *എ. കെ. ബാലൻ:*
„ *രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണ നവീകരണ പരിപാടിയിലൂടെയും അതിന്റെ ഭാഗമായ എസ്. ഡി. പി. വഴിയും വിവിധ സർക്കാർ വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എം. ജി. പി.-ക്കുവേണ്ടി സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഇതിന്റെ തുടർന്നുള്ള പ്രവർത്തനത്തിന് എന്തു തുക ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) വിവിധ വകുപ്പുകളിൽ സേവന പ്രധാന പദ്ധതികൾ നടപ്പാക്കുമ്പോൾ ഉപഭോക്താക്കളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഭരണ നവീകരണത്തിനുവേണ്ടി എ. ഡി. ബി. യിൽ നിന്നും സർക്കാർ വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപ; ഇതിനായി ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് പറയാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) ഭരണ നവീകരണ പരിപാടിയിൽ 93 പൊതു ഉദ്യമങ്ങളാണ് ആദ്യഘട്ടത്തിൽ അംഗീകരിച്ചത്. പിന്നീട് കൂടുതൽ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പാക്കുന്നതിനായി ആദ്യഘട്ടത്തിൽ 56 ഉദ്യമങ്ങൾ നിർവ്വഹിച്ചാൽ മതിയെന്ന് തീരുമാനിച്ചു. 16 ഭരണ വകുപ്പുകൾ വഴി നിർവ്വഹിക്കേണ്ട ഈ ഉദ്യമങ്ങളുടെ വിശദ വിവരങ്ങൾ ഭരണ നവീകരണ പരിപാടിയുടെ ഔദ്യോഗിക ജാലികയായ www.keralamgp.org-ൽ ലഭ്യമാണ്.

പൊതു ഉദ്യമങ്ങൾ നയപരമായ പരിഷ്ക്കരണങ്ങൾ ഉദ്ദേശിച്ചുള്ളതാണ്. എന്നാൽ വളരെ വേഗത്തിൽ സർക്കാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങളും സേവന പ്രദാന നിലവാരവും ഉയർത്താൻ ഉദ്ദേശിച്ചുള്ളതാണ് സേവന പ്രദാന പദ്ധതി. ഇതിന്റെ ആദ്യഘട്ട നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയും പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപനതല പദ്ധതികളുടെ വിശദാംശങ്ങളും ഭരണ നവീകരണ പരിപാടിയുടെ ഔദ്യോഗിക ജാലികയിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2005 ജൂൺ അവസാനം വരെയുള്ള കണക്കനുസരിച്ച് ഭരണ നവീകരണ പരിപാടിയുടെ പൊതു ഉദ്യമങ്ങളുടെയും സേവന പ്രദാന പദ്ധതിയുടെയും നടത്തിപ്പിനായി 217,27,90,900 രൂപയുടെ പേമെന്റ് ഉത്തരവ്/ അലോട്ടുമെന്റ് ലറ്ററുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 22 വകുപ്പുകളിലെ അനേകം ഓഫീസുകൾ വഴി സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നിന്നാണ് ഈ തുക പിൻവലിക്കേണ്ടത്. അതിനാൽ ട്രഷറികളിൽ നിന്ന് പിൻവലിക്കപ്പെട്ട തുകയുടെ യഥാർത്ഥ കണക്ക് അക്കൗണ്ടന്റ് ജനറലിന്റെ 2004-2005 വർഷത്തെ ഫിനാൻഷ്യൽ അക്കൗണ്ടുകൂടി പ്രസിദ്ധീകരിച്ചാൽ മാത്രമേ നിജപ്പെടുത്താനാവുകയുള്ളൂ.

ഇതു കൂടാതെ പരമ്പരാഗത വ്യവസായ സഹായ നിധിയിലേക്ക് 50 കോടി രൂപയും സാമൂഹ്യ സുരക്ഷാ നിധിയിലേക്ക് 48 കോടി രൂപയും ആസ്തി നവീകരണ നിധിയിലേക്ക് 3 സാമ്പത്തിക വർഷങ്ങളിലായി 130 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്.

സേവന പ്രദാന പദ്ധതിക്കു മാത്രമായി ഇനിയും 240 കോടിയിലധികം രൂപ വേണ്ടി വരും. പൊതു ഉദ്യമങ്ങളിൽ ചിലതിന്റെ കൂടി ബഡ്ജറ്റ് അംഗീകരിക്കേണ്ടതുണ്ട്. അതും കൂടിയായാലെ പൊതു ഉദ്യമങ്ങൾക്ക് ഇനിയും വേണ്ടി വരുന്ന തുകയുടെ പൂർണ്ണമായ കണക്ക് ലഭ്യമാവുകയുള്ളൂ.

(സി) നിലവിൽ സൗജന്യമായി നൽകുന്ന സേവനങ്ങൾക്ക് ഒന്നും തന്നെ യൂസർ ഫീ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല.

(ഡി) ഭരണ നവീകരണത്തിനും സാമ്പത്തിക പരിഷ്ക്കരണങ്ങൾക്കുമായി ഏഷ്യൻ വികസന ബാങ്കിൽ നിന്നും കേന്ദ്ര സർക്കാർ വഴി അധിക കേന്ദ്ര സഹായമായി 1036.50 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

ഇതിൽ നിന്നുള്ള ചെലവിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉത്തരം 'ബി' യിൽ നൽകിയിട്ടുണ്ട്.

വിദ്യാർത്ഥി പ്രക്ഷോഭം തീർക്കാൻ സർവ്വകക്ഷിയോഗം

*9 [252] *ശ്രീ. പി. ജയരാജൻ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. പി. ഗോവിന്ദൻ മാസ്റ്റർ:
„ *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന വിദ്യാർത്ഥി പ്രക്ഷോഭം അവസാനിപ്പിക്കുന്നതിന് സർക്കാർ സർവ്വകക്ഷി യോഗം വിളിച്ചിരുന്നോ; എങ്കിൽ എന്നാണ് സർവ്വകക്ഷി യോഗം വിളിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly